(ബി) ഇതുമൂലം എത്ര രൂപ അധികച്ചെലവുണ്ടാകുന്നുണ്ട്;

(സി) പുനഃസംഘടനമൂലം ഡിപ്പാർട്ടുമെൻറിന്റെ പ്രവർത്തനം കാര്യക്ഷമമായിട്ടുണ്ടോ;

(ഡി) എന്തെല്ലാം അധികാരങ്ങളാണ് വികേന്ദ്രീകരിക്കപ്പെട്ടിട്ടുള്ളത്;

(ഇ) ഫയലുകളുടെ താമസം ഒഴിവാക്കാൻ പുനഃസംഘടന സഹായിച്ചിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) 12.

(ബി) ഉദ്ദേശം 2225 രൂപ പ്രതിമാസം ചെലവാകുന്നുണ്ട്.

(സി) ഉണ്ട്.

(ഡി) വികേന്ദ്രീകരിക്കപ്പെട്ടിട്ടുള്ള അധികാരങ്ങളുടെ ഒരു പട്ടിക * മേശപ്പുറത്തു വച്ചിട്ടുണ്ട്.

(ഇ) ഉണ്ട്.

കാഷ്യൂകാളേജും വെറ്ററിനറി കാളേജും.

* 53. [58] ശ്രീ. എം. എ. ജോൺ : താഴെ കാണുന്ന ചോദ്യത്തിനു് പൊതുജനാരോഗ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സംസ്ഥാനത്തു് ഒരു കാർഷികകാളേജും, വെറ്ററിനറി കാളേജും സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എവിടെയാണ് അവ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നതു്?

ആരോഗ്യവകുപ്പു മന്ത്രി (ശ്രീ. എ. എ. റഹിം):

(എ) ഈ സംസ്ഥാനത്തു് ഒരു കാർഷികകാളേജും, ഒരു വെറ്ററിനറി കാളേജും ആരംഭിച്ചുകഴിഞ്ഞു.

(ബി) കാഷ്യൂകാളേജു് തിരുവനന്തപുരത്തിനടുത്തു വെള്ളായണിയിലും, വെറ്ററിനറി കാളേജു് തൃശ്ശൂരിനടുത്തു് മുള്ളൂക്കരയിലുമാണ് ആരംഭിച്ചിരിക്കുന്നതു്.

ഗയിം ഫീസു്.

* 54. [60] ശ്രീ. കെ. കൃഷ്ണപിള്ള : താഴെ പറയുന്ന ചോദ്യത്തിനു് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) സംസ്ഥാനത്തെ ഗവണ്മെൻറു് ഹൈസ്കൂളുകളിൽ നിന്നും 1954-55 വിദ്യാലയവർഷത്തിൽ ആകെ എത്ര തുക ഗയിംഫീസായി പിരിഞ്ഞു കിട്ടിയിട്ടുണ്ടു്;

(ബി) പ്രസ്തുത സ്ഥാപനങ്ങൾക്കു് എല്ലാംകൂടി കഴിഞ്ഞ കൊല്ലം എത്ര രൂപയുടെ കളിസാധനങ്ങൾ വാങ്ങിയിട്ടുണ്ടു്?

* Please See Appendix V.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) 67,970 രൂ. 3 ണ.

(ബി) 35,211 രൂ. 11 ണ. 9 സ.

മെഡിക്കൽ റാഷണലൈസേഷൻ കമ്മിറ്റി റിപ്പോർട്ട്.

* 55. [62] ശ്രീമത്. കെ. ആർ. ഗൗരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) റാഷണലൈസേഷൻ കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചു കഴിഞ്ഞോ;

(ബി) കൊല്ലം ഡിസ്പെൻസിലേയ്ക്ക് എത്ര അലോപ്പതി ആശുപത്രി പുതുതായി റെക്കമൻഡ് ചെയ്തിട്ടുണ്ട്;

(സി) കുറഞ്ഞുപോകാൻ കാരണമെന്ത്;

(ഡി) അപേക്ഷിച്ചിരുന്ന സ്ഥലത്തെല്ലാം അനുവദിച്ചിട്ടുണ്ടോ?

ആരോഗ്യവകുപ്പു മന്ത്രി (ശ്രീ. എ. എ. റഹിം) :

(എ) സമർപ്പിച്ചുകഴിഞ്ഞു.

(ബി) 12.

(സി) കുറഞ്ഞുപോയിട്ടില്ല.

(ഡി) മോഡേൺ മെഡിക്കൽ ആശുപത്രികളുടെ സ്ഥാപനത്തിനു കമ്മിറ്റി സ്വീകരിച്ചിട്ടുള്ള മാനദണ്ഡമനുസരിച്ചു കൊല്ലം ഡിസ്പെൻസിക്ക് ആവശ്യമെന്നു കണ്ടതിലധികം അലോപ്പതി ആശുപത്രികൾ അനുവദിച്ചിട്ടുണ്ട്.

വെളിയിലുള്ള അഗ്രിക്കൾച്ചറൽ കോളേജുകളിൽ തിരഞ്ഞെടുത്തയച്ച വിദ്യാർത്ഥികൾ.

* 56. [63] ശ്രീ. ടി. ഒ. ബാവാ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിനു വെളിയിൽ അഗ്രിക്കൾച്ചറൽ കോളേജുകളിൽ എത്ര വിദ്യാർത്ഥികളെ ഈ കൊല്ലം തിരഞ്ഞെടുത്തയച്ചിട്ടുണ്ട്;

(ബി) അവർ ഏതെല്ലാം സമുദായത്തിൽപ്പെട്ടവരാണ്?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) കോയമ്പത്തൂർ അഗ്രിക്കൾച്ചറൽ കോളേജിലേയ്ക്കു രണ്ടു പേരെ തിരഞ്ഞെടുത്തയച്ചിട്ടുണ്ട്.

(ബി) (1) ക്രിസ്ത്യൻ (ലാറ്റിൻ കത്തോലിക്കൻ)

(2) നായർ.

LIBRARY ARCHIVES Kerala Legislative Assembly